III ഇ.ബി. XII-കേരള നിയമസഭ/IV-11

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 16, വെള്ളി**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ഉന്നയിക്കുകയും (*241, *242, *243, *244 & *245) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II ശ്രദ്ധ ക്ഷണിക്കൽ

(1) കേന്ദ്ര സർക്കാരിന്റെ വിദർഭാമോഡൽ കാർഷിക പാക്കേജിന്റെ ഭാഗമായി എഴുതിത്തള്ളിയ വായ്പാ പലിശക്കുടിശ്ശിക ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.കെ.ശിവദാസൻ നായർ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മരുന്നുകൾ ന്യായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി.എസ്. സുനിൽ കുമാർ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## III ക്രമപ്രശ്നം

ബഡ്ജറ്റുമായി ബന്ധപ്പെട്ട അന്തിമ സാമ്പത്തിക നില സഭയിൽ വയ്ക്കണമെന്നില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സഭയ്ക്ക് പുറത്ത് പറഞ്ഞത് സംബന്ധിച്ച ക്രമപ്രശ്നത്തിന് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ റൂളിംഗ് മലയാള മനോരമ പത്രത്തിൽ വ്യത്യസ്തമായി വരാനിടയായതു സംബന്ധിച്ച് ശ്രീ. പി. ജയരാജൻ ഉന്നയിച്ച ക്രമപ്രശ്നത്തിന്, രേഖകൾ പരിശോധിച്ച് അതിനെക്കുറിച്ച് സഭയിൽ വ്യക്തമാക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## IV സബ്മിഷൻ

(1) ബാംഗ്ളൂരിൽ ആക്രമണത്തിൽ വലതു കൈപ്പത്തി നഷ്ടപ്പെട്ട രമ്യാ ജോർജ്ജിന് ജോലി നൽകേണ്ടത് സംബന്ധിച്ച് ശ്രീ. കെ.സി. ജോസഫ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. രാജാജി മാത്യു തോമസ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) കുട്ടികൾക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിന് നിയമ നിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) മെഡിക്കൽ കോളേജുകളിലെ നഴ്സ്-പാരാമെഡിക്കൽ സ്റ്റാഫുകളുടെ നിയന്ത്രണം ഡി.എം.ഇ.യുടെ കീഴിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) മട്ടാഞ്ചേരിയിലെ കുടിവെള്ളക്ഷാമം സംബന്ധിച്ച് ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(6) കാഷ്യൂ കോർപ്പറേഷനിൽനിന്നും കാപ്പക്സിൽനിന്നും വിരമിക്കുന്നവർക്ക് ഗ്രാറ്റുവിറ്റി നൽകേണ്ടതു സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കൗമാര വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(കൗമാര വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ച സബ്മിഷന്റെ മറുപടിക്കുശേഷം സമൂഹത്തിന്റെ ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട വിശ്വാസങ്ങളെ ആക്ഷേപിക്കുന്ന തരത്തിൽ പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നടത്തിയ പദപ്രയോഗം പിൻവലിച്ചെങ്കിലും മാപ്പ് പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.)

**സബ്മിഷൻ (തുടർച്ച)**

(8) പേരാമ്പ്ര പ്ളാന്റേഷനിലേയ്ക്കുള്ള റോഡ് റിപ്പയർ ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(9) വർക്കല-കല്ലമ്പലം റോഡിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കേണ്ടതു സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(10) കല്പറ്റ മണ്ഡലത്തിലെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ സംബന്ധിച്ച് ശ്രീ. എം.വി. ശ്രേയാംസ് കുമാർ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) എറണാകുളം ജില്ലയിൽ അടഞ്ഞുകിടക്കുന്ന കമ്പനികൾ തുറക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ.എം. യൂസഫ് ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(12) ചാലക്കുടി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പുറമ്പോക്കിലും മറ്റും താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കേണ്ടതു സംബന്ധിച്ച് ശ്രീ.ബി.ഡി. ദേവസ്സി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(13) വാദ്ധ്യായർ എന്ന സമുദായ നാമം ഗസറ്റിലും ഔദ്യോഗിക രേഖകളിലും ചേർക്കുന്നതു സംബന്ധിച്ച് പ്രൊഫ: എൻ. ജയരാജ് ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) താനൂരിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(15) അങ്കമാലി ടെൽക്കിന്റെ പുനരുദ്ധാരണം സംബന്ധിച്ച് ശ്രീ.ജോസ് തെറ്റയിൽ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

## V **റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI **റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

VII ക്രമപ്രശ്നം

15–3–07–ൽ സഭയിൽ നിയമനിർമ്മാണകാര്യം ചർച്ച ചെയ്യുന്ന അവസരത്തിൽ സബ്ജക്ട് കമ്മിറ്റി പല പ്രാവശ്യം യോഗം ചേർന്നുവെന്നും നിയമസഭാസമ്മേളനം നടക്കുമ്പോൾ മന്ത്രിമാരും ജില്ലാ കളക്ടർമാരും ഉദ്യോഗസ്ഥരും എം.എൽ.എ.മാർ പങ്കെടുക്കേണ്ട യോഗങ്ങൾ വിളിക്കുന്നത് ശരിയായ നടപടിക്രമമല്ലെന്നും ശ്രീ. വി.ഡി. സതീശൻ ക്രമപ്രശ്നം ഉന്നയിച്ചു.

ഇത് പൊതുവിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണെന്നും റൂളിംഗ് എന്നതിലുപരി കക്ഷിനേതാക്കൾ ഉൾപ്പെടെയുള്ളവരുമായി ആലോചിക്കേണ്ട വിഷയമാണെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അറിയിച്ചു.

നിയമസഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ സബ്ജക്ട് കമ്മിറ്റി കൂടുന്നത് ശരിയല്ലെന്നും ചില സന്ദർഭങ്ങളിൽ ബില്ലുകൾ അടിയന്തിരമായി പാസ്സാക്കേണ്ടതുണ്ടെങ്കിൽ പ്രത്യേക അനുമതിയോടെ സബ്ജക്ട് കമ്മിറ്റി കൂടാറുണ്ടെന്നും അല്ലാതെതന്നെ സബ്ജക്ട് കമ്മിറ്റി കൂടുന്നതായും ജില്ലകളിൽ എം.എൽ.എ.മാർ പങ്കെടുക്കേണ്ട യോഗങ്ങൾ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ നടക്കുന്നതായിട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത്തരം നടപടികൾ ശരിയല്ലെന്ന് പല പ്രാവശ്യം റൂളിംഗ് നൽകിയിട്ടുണ്ടെങ്കിലും ഇപ്പോഴും തുടരുന്നുവെന്നും മേലിൽ അനുവദിക്കുകയില്ലെന്നും അതിനുള്ള നിർദ്ദേശം നൽകുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) ശ്രീ. സാജു പോൾ 2006-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു.

ശ്രീ. വി.എൻ. വാസവൻ പ്രമേയത്തെ പിന്താങ്ങുകയും ജലവിഭവ വകുപ്പുമന്ത്രി എതിർക്കുകയും ചെയ്തു.

പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(2) ശ്രീ.സി.ടി. അഹമ്മദ് അലി 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു.

ശ്രീ. ജി. കാർത്തികേയൻ പ്രമേയത്തെ പിന്താങ്ങുകയും തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എതിർക്കുകയും ചെയ്തു.

പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(3) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി 2006-ലെ ഇന്ത്യൻ തെളിവ് ആക്ട് (സംസ്ഥാന ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു.

ശ്രീ. ജി. കാർത്തികേയൻ പ്രമേയത്തെ പിന്താങ്ങുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എതിർക്കുകയും ചെയ്തു.

പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(4) ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി 2007-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു.

ശ്രീ. ജി. കാർത്തികേയൻ പ്രമേയത്തെ പിന്താങ്ങുകയും മുഖ്യമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എതിർക്കുകയുംചെയ്തു.

പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(5) ശ്രീ. പി. ജയരാജൻ 2006-ലെ കേരള പണം കടം കൊടുപ്പുകാർ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു.

ശ്രീ. എ.സി. മൊയ്തീൻ പ്രമേയത്തെ പിന്താങ്ങുകയും ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എതിർക്കുകയും ചെയ്തു.

പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(6) ശ്രീ. എം. ഹംസ 2006–ലെ കേരള കുറി ഉപഭോക്തൃ സംരക്ഷണ മറ്റ് പണമിടപാട് നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു.

ശ്രീ. പി. ജയരാജൻ പ്രമേയത്തെ പിന്താങ്ങുകയും ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എതിർക്കുകയും ചെയ്തു.

പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(7) ശ്രീ. എം. ഹംസ 2007–ലെ കേരള സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു.

ശ്രീ. പി. ജയരാജൻ പ്രമേയത്തെ പിന്താങ്ങുകയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എതിർക്കുകയും ചെയ്തു.

പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ചർച്ച തുടരും)

(8) ശ്രീ. എം. മുരളി 2006–ലെ കേരള മഹിളാ സ്വസ്ത് സംഘം ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു.

ശ്രീ. ജി. കാർത്തികേയൻ പ്രമേയത്തെ പിന്താങ്ങുകയും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും

പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി എതിർക്കുകയും ചെയ്തു.

പ്രമേയാവതാരകൻ ബില്ലിനെക്കുറിച്ച് സംസാരിച്ചു.

(ശ്രീമതി കെ.കെ. ശൈലജ ടീച്ചറും സംസാരിച്ചു.)

(ചർച്ച തുടരും)

2007 മാർച്ച് 19–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30 –ന് പിരിഞ്ഞു.